**പതിമൂന്നാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2337 01.04.2013-ൽ മറുപടിയ്ക്ക്

<u>വിദേശ നിർമ്മിത മരുന്നുകളുടെ വില്പന</u>

<u>ചോദ്യം</u>

ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. എം. ഹംസ
ശ്രീ. സി. കൃഷ്ണൻ
ശ്രീ .റ്റി. വി. രാജേഷ്

<u>മറുപടി</u>

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ഇംഗ്ലീഷ് മരുന്നുകടകളിലും സ്വകാര്യ ആശുപത്രികളിലെ ഫാർമസികളിലും വിദേശത്ത് നിർമ്മിക്കപ്പെട്ടതും ഗുണം കുറഞ്ഞതുമായ മരുന്നുകൾ വ്യാപകമായി വില്ക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) വിദേശത്തു നിർമ്മിക്കുന്ന മരുന്നുകൾ സംസ്ഥാനത്ത് വില്പന നടത്തുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ; | (ബി) വിദേശത്തു നിർമ്മിക്കുന്ന മരുന്നുകൾ സംസ്ഥാനത്ത് വില്പന നടത്തണമെങ്കിൽ ഇറക്കുമതി ലൈസൻസും വില്പന ലൈസൻസും ആവശ്യമാണ്. ഡ്രഗ്സ് കൺട്രോളർ ജനറലാണ് അനുമതി നൽകുന്നത്. |
| (സി) സംസ്ഥാനത്ത് ഇത്തരം മരുന്നുകളുടെ വില്പന തടയാനായി എന്തു നടപടികൾ സ്വീകരിച്ചെന്നറിയിക്കാമോ ; | (സി) ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തിയ പരിശോധനയിൽ എറണാകുളത്ത് ചൈനീസ് മരുന്ന് എന്ന് സംശയിക്കുന്ന SHIZHE CALCIUM TABLETS ന്യൂട്രീഷണൽ supplement ആയി വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ മരുന്ന് പിടിച്ചെടുത്ത് കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. |
| (ഡി) ഗുണ നിലവാരം കുറഞ്ഞ മരുന്നു വിറ്റതിന്റെ പേരിൽ സംസ്ഥാനത്ത് എടുത്ത കേസ്സുകളുടെ വിശദാംശം നൽകാമോ ? | (ഡി) 2010 ൽ 36 കേസുകളും, 2011 ൽ 10 കേസുകളും, 2012 ൽ 11 കേസുകളും, 2013 ൽ (ഇതുവരെ) 2 കേസുകളും എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ